വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ചും, വിപണന രംഗം ശക്തിപ്പെടുത്തിയും കൂടുതൽ വിപുലീകരിക്കുന്നതിനുള്ള പദ്ധതികളും നയസമീപനങ്ങളുമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി ബഡ്ജറ്റിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിക്കൽ, പ്രത്യേക ധനസഹായ പാക്കേജുകൾ അനുവദിച്ച് മാനേജ്മെന്റ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തന നിരീക്ഷണ സംവിധാനങ്ങൾ കൂടുതൽ ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്ന വിപണി വിപുലപ്പെടുത്തുവാൻ കേന്ദ്രസ്ഥാപനങ്ങളുമായും ഇതര സംസ്ഥാനസ്ഥാപനങ്ങളുമായും ചേർന്നുള്ള പ്രവർത്തനം, വാണിജ്യ ഇടപാടുകൾ സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുവാൻ E-procurement സംവിധാനം എന്നിവ ഇതിനകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. E-portal വഴിയുള്ള ഉൽപ്പന്ന വിപണനത്തിനുവേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതോടൊപ്പംതന്നെ മന്ത്രി തലത്തിലും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും, റിയാബ് മുഖേനയും ഇവയുടെ പ്രവർത്തന നിരീക്ഷണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

2011-ലെ ധവളപത്രം

.18 (*48) ശ്രീ. എളമരം കരീം :
ശ്രീ. എം. എ. ബേബി :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011- ൽ പുറപ്പെടുവിച്ച ധവളപത്രത്തിൽ 2014-15 ആകുമ്പോൾ റവന്യൂകമ്മി പൂർണ്ണമായും ഇല്ലാതാക്കുമെന്ന വാഗ്ദാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) റവന്യൂകമ്മി ഇല്ലാതാക്കുമെന്ന വാഗ്ദാനം നിറവേറ്റുന്നതിൽ സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ധനകാര്യ മാനേജ്മെന്റ് അഴിമതിയും കെടുകാര്യസ്ഥതയും നിറഞ്ഞതായത് സംസ്ഥാനത്ത് റവന്യൂകമ്മി വർദ്ധിക്കുന്നതിന് കാരണമായെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിഗതികളെ കുറിച്ചുള്ള ഒരു ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ&ബി) 2011-ൽ പുറപ്പെടുവിച്ച ധവളപത്രത്തിൽ 2014-15-ൽ റവന്യു കമ്മി ഇല്ലാതാക്കുമെന്ന് വാഗ്ദാനം നൽകിയിട്ടില്ല. 13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയ (Medium Term Fiscal Correction Path) അനുസരിച്ച് 2014-15-ൽ റവന്യുകമ്മി പൂർണ്ണമായും ഇല്ലാതാക്കേണ്ടതുണ്ട്. എന്നാൽ, ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യു ചെലവുകളും Tax-GSDP വളർച്ചാ നിരക്കിലുള്ള കുറവും കേന്ദ്രവിഹിതത്തിലുള്ള ഗണ്യമായ കുറവും കാരണമാണ് 13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ (Debt-GSDP ഒഴികെ) നേടാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്.

(സി) സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിൽ അഴിമതിയും കെടുകാര്യസ്ഥതയും നിലനിൽക്കുന്നില്ല. ആയതിനാൽ അക്കാരണത്താലാണ് റവന്യുകമ്മി വർദ്ധിക്കുന്നതെന്ന് പറയാൻ കഴിയുകയില്ല. ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിഭവ സംരക്ഷണത്തിനും അധികവിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

- നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്.
- പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി നൂടലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
- ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.
- നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ-ആരോഗ്യ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

- നികതി കടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികതി കടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
- ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.
- 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.
- മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15-ൽത്തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്.
- പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.
- ആരോഗ്യ-കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി.
- സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നത് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവുചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വകപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിന് പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്ക്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11-10-13-ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11-10-13-ലെ സ.ഉ.(പി) നമ്പർ.515/13/ധന, 28-11-2013-ലെ സ.ഉ.(പി)നമ്പർ. 580/13/ധന എന്നീ ഉത്തരവുകൾവഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ധന ഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ലക്ഷ്യത്തിനുള്ളിൽതന്നെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത നിലനിർത്തുവാൻ സാധിച്ചിട്ടുള്ളതിനാലും 14-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്രവിഹിതത്തിലുണ്ടായിട്ടുള്ള വർദ്ധനവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ധവളപത്രം പുറപ്പെടുവിക്കാനുള്ള ഒരു സാഹചര്യം സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്നില്ല.

മലിനീകരണ നിയന്ത്രണം

19 (*49) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരീക്ഷ മലിനീകരണ നിയന്ത്രണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ ;

(ബി) വാഹനങ്ങളുടെ മലിനീകരണം നിയന്ത്രിക്കാൻ നിലവിലുള്ള സംവിധാനം ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പട്ടണങ്ങളിലെ അന്തരീക്ഷ മലിനീകരണതോത് എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനായി 1981-ലെ വായുമലിനീകരണ നിവാരണ നിയന്ത്രണ നിയമം, സംസ്ഥാന മലിനീകരണ

LIBRARY ARCHIVES Kerala Legislative Assembly